**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 283** **22-07-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങൾക്ക് എൻ.സി.ഡി.സി. സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ സഹകരണ വികസന കോർപ്പറേഷൻ മുഖേന സഹകരണ സ്ഥാപനങ്ങൾക്ക് കാർഷിക ഉപയോഗ സാധനങ്ങൾ ഉൽപാദിപ്പിക്കാനും സംസ്കരണം, വിതരണം, സംഭരണം, കയറ്റുമതി, ഇറക്കുമതി എന്നിവയ്ക്കും വേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി സാമ്പത്തിക സഹായം ലഭിച്ചത് എന്നാണെന്നും ഏതൊക്കെ ഇനങ്ങൾക്കാണെന്നും വ്യക്തമാക്കുമോ; | (എ) | ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നും കാർഷിക ഉപയോഗ സാധനങ്ങൾ ഉൽപ്പാദിപ്പിക്കാനും, സംസ്കരണം, വിതരണം, സംഭരണം എന്നീ ഇനങ്ങൾക്കുമായി സഹകരണ വകുപ്പ് മുഖേന സഹകരണ സ്ഥാപനങ്ങൾക്ക് 1972-1973 സാമ്പത്തിക വർഷം മുതൽ ധനസഹായം അനുവദിച്ചു വരുന്നു. |
| (ബി) | ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ കാർഷിക അനുബന്ധ മേഖലകളിലെ സമഗ്ര വികസനത്തിനും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ മൾട്ടിപർപ്പസ് സൊസൈറ്റികളായി വികസിപ്പിക്കുന്നതിനും ചെറുകിട നാമമാത്ര കർഷകരുടെയും ദുർബല വിഭാഗങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് എത്രമാത്രം സാധ്യമായി എന്ന് വിശദമാക്കുമോ; | (ബി) | പ്രാഥമിക സഹകരണ സംഘങ്ങളെ മൾട്ടിപർപ്പസ് സൊസൈറ്റികളായി വികസിപ്പിക്കുന്നതിന് എൻ.സി.ഡി.സി ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നിലവിൽ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നുള്ള ധനസഹായം വിനിയോഗിച്ച് സഹകരണ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത്, വളം, കീടനാശിനികൾ മുതലായവ വിതരണം ചെയ്യുന്നതിനും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം എന്നിവ നടത്തുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്. ആയതിലൂടെ ചെറുകിട നാമമാത്ര കർഷകരുടേയും ദുർബല വിഭാഗങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റുന്നതിനു സഹായകമായിട്ടുണ്ട്. |
| (സി) | ഐ.സി.ഡി.പി. പ്രവർത്തനങ്ങൾ നിലവിൽ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്നും ജില്ലകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും അറിയിക്കുമോ; | (സി) | ഐ.സി.ഡി.പി രണ്ടാംഘട്ടം പ്രവർത്തനങ്ങൾ നിലവിൽ ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിലാണ് നടപ്പിലാക്കി വരുന്നത്. ജില്ലകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ചുവടെ പറയും പ്രകാരമാണ്. 1. ഒന്നാംഘട്ടം നടപ്പിലാക്കി 8 വർഷം പൂർത്തിയായാൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെയും സർക്കാരിന്റെയും ശുപാർശയോട് കൂടി എൻ.സി.ഡി.സി യുടെ അനുമതിയോടെ രണ്ടാം ഘട്ടം ആരംഭിക്കാവുന്നതാണ്. 2. ഒന്നാംഘട്ടം |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന് അനുവദിച്ച ധനസഹായം പൂർണ്ണമായും സർക്കാരിലേയ്ക്ക് തിരിച്ചടച്ചിരിക്കണം. 3. കേരള സംസ്ഥാന സഹകരണ ബാങ്ക് ശുപാർശ ചെയ്യുന്ന ജില്ലയിലെ സഹകരണ സംഘങ്ങളുടെ ആവശ്യകത സംബന്ധിച്ചുള്ള വിശദ പദ്ധതി റിപ്പോർട്ട് എൻ.സി.ഡി.സി യും സംസ്ഥാന സർക്കാരും അംഗീകരിക്കേണ്ടതുമാണ്. |
| (ഡി) | ഐ.സി.ഡി.പി. പ്രവർത്തനങ്ങൾ കൂടുതൽ ജില്ലകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഐ.സി.ഡി.പി പ്രവർത്തനങ്ങൾ കൂടുതൽ ജില്ലകളിൽ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ